# ഭാഗിക സമയ തൊഴിലാളിക്കും ഇ.പി.എഫ്. നിയമം ബാധകം

## അലഹബാദ് ഹൈക്കോടതി

M.S. No. 1290/2013 Dt. 21.1.2020

ബറോഡ യു.പി. ഗ്രാമീൺ ബേങ്ക് X ഇ.പി.എഫ്. അപ്പലേറ്റ് ട്രൈബ്യൂണൽ

ബറൈലി ക്ഷത്രിയ ഗ്രാമീൺ ബേങ്ക് എന്ന പേരിൽ പ്രവർത്തിച്ചിരുന്ന ബേങ്ക് 2008 മുതൽ ബറോഡ യു.പി. ഗ്രാമീൺ ബേങ്ക് ആയി മാറി. ബേങ്കിലെ ശുചീകരണ ജോലികൾക്ക് ഭാഗിക സമയ തൊഴിലാളിയെയാണ് (Part time)മേനേജ്മെന്റ് നിയമിച്ചത്. അര മണിക്കൂർ മുതൽ ഒരു മണിക്കൂർ വരെ നേരത്തെ ജോലി മാത്രമാണ് തൊഴിലാളിക്ക് ചെയ്യാനുണ്ടായിരുന്നത്. എന്നാൽ വേതനം മാസം തോറുമാണ് നല്കിയിരുന്നത്. മറ്റു തൊഴിലുടമകളുടെ കീഴിൽ ജോലി ചെയ്യുന്നതിന് ആ തൊഴിലാളിക്ക് യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. ഭാഗിക സമയ ശുചീകരണ തൊഴിലാളിയെ ബേങ്കിലെ തൊഴിലാളിയായി മേനേജ്മെന്റ് കണക്കാക്കിയില്ല. അതിനാൽ ആ തൊഴിലാളിയെ മേനേജ്മെന്റ് ഇ.പി.എഫ്. പദ്ധതിയിൽ അംഗമാക്കിയില്ല. ഇതറിഞ്ഞ ബറൈലി ക്ഷത്രിയ ഗ്രാമീൺ ബേങ്ക് എംപ്ലോയീസ് യൂണിയൻ റീജണൽ പി.എഫ്. കമ്മീഷണർക്ക് പരാതി നല്കി. പി.എഫ്. കമ്മീഷണർ മേനേജ്മെന്റിനോട് വിശദീകരണം ചോദിച്ചു. തൊഴിലാളി യൂണിയന്റെ പരാതിയിലെ ആരോപണങ്ങൾ മുഴുവനും മേനേജ്മെന്റ് നിഷേധിച്ചു. ശുചീകരണ തൊഴിലാളി എന്ന തസ്തിക ബേങ്കിലില്ലെന്നും ഭാഗിക സമയ ശുചീകരണ തൊഴിലാളി ബേങ്കിന്റെ തൊഴിലാളിയല്ലെന്നും അത്തരം തൊഴിലാളിയുടെ പേരിൽ വിഹിതമടയ്ക്കാൻ തങ്ങൾക്ക് നിയമപരമായി ബാധ്യതയില്ലെന്നും മേനേജ്മെന്റ് പി.എഫ്. കമ്മീഷണറെ അറിയിച്ചു. കൂടാതെ, ബേങ്കും തൊഴിലാളി യൂണിയനും തമ്മിലുള്ള ഉഭയകക്ഷി ഒത്തുതീർപ്പ് കരാറിലെ വ്യവസ്ഥയനുസരിച്ച് പ്രതിദിനം ആറ് മണിക്കൂറിലേറെ ജോലി ചെയ്യുന്നവരെ മാത്രമേ ബേങ്കിന്റെ തൊഴിലാളിയായി കണക്കാക്കാനാവൂ എന്നും മേനേജ്മെന്റ് പി.എഫ്. കമ്മീഷണറെ ബോധിപ്പിച്ചു. ബേങ്കിന്റെ വിശദീകരണം സ്വീകാര്യമല്ലെന്ന് ചൂണ്ടിക്കാട്ടിയ പി.എഫ്. കമ്മീഷണർ ഭാഗികമായ ശുചീകരണ തൊഴിലാളിക്കും ഇ.പി.എഫ്. നിയമം ബാധകമാണെന്ന് പ്രഖ്യാപിക്കുകയും വിഹിതമടയ്ക്കാൻ ബേങ്കിനോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിനെതിരെ ബേങ്ക് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ ബോധിപ്പിച്ചെങ്കിലും അത് തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് ബേങ്ക് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. പ്രതിദിനം ഒരു മണിക്കൂറിൽ താഴെ മാത്രം ജോലി ചെയ്യുന്ന ഭാഗിക സമയ ശുചീകരണ തൊഴിലാളി ബേങ്കിന്റെ തൊഴിലാളിയല്ലെന്ന് മേനേജ്മെന്റ് വാദിച്ചു. ജോലി ചെയ്യുന്ന സമയം എത്ര കുറവാണെങ്കിലും പ്രതിമാസം വേതനം നല്കുന്ന ബേങ്ക് ആ തൊഴിലാളിയുടെ തൊഴിലുടമയാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ആ തൊഴിലാളിയും ബേങ്കും തമ്മിൽ തൊഴിലാളി–തൊഴിലുടമ ബന്ധം നിലനില്ക്കുന്നതിനാലും അയാളുടെ മേൽ ബേങ്കിന് നിയന്ത്രണമുള്ളതിനാലും അയാൾ മറ്റെവിടെയെങ്കിലും ജോലി ചെയ്തതിന് തെളിവില്ലാത്തതിനാലും ആ തൊഴിലാളിക്ക് ഇ.പി.എഫ്. നിയമം ബാധകമാണെന്നും വിഹിതമടയ്ക്കാൻ ബേങ്ക് ബാധ്യസ്ഥമാണെന്നും വിലയിരുത്തിയ ഹൈക്കോടതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വിധിയും റീജണൽ പി.എഫ്. കമ്മീഷണറുടെ ഉത്തരവും ശരിവയ്ക്കുകയും ബേങ്കിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.